of the House. If it is pleased to agree, I will suggest in place of ten minutes, five minutes for the mover and 3 minutes to others. Yet another suggestion I wish to place before the Chair as used to be done in this House, in previous years, when a cut motion is moved on the pressing need of a locality as soon as the motion is moved Government position either accepting fully or with the qualification or their inability to accept used to be stated. If that is done it will further expedite work. I may not be far wrong. If that is done, there is the possibility of all the cut motions being gone through. It will be something deserving to the Minister in charge of Public Works as also to the House. These are the two suggestions that I place before the Chair and the House.

Mr. President: The Hon'ble Member wishes to restrict the time of each speaker, mover being given 5 minutes and the others, 3 minutes.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Yes, Sir. But it must be known earlier. What can be done in 30 minutes can be done in three minutes also.

Mr. President: I think it is not advisable to restrict mechanically the time because there may be motions of importance, every motion is not of equal importance. Is it not enough if we follow the suggestion in spirit rather than by letter.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I was only pointing to the precedents of this House repeated year after year in former years.

Mr. President: Both the House and the Chair are thankful to you. But my view is, that sometimes it will be undue restriction in view of the importance of a motion. If the House so agrees, the matter may have left to the discretion of the Chair.....

Mr. K. Balakrishna Menon *(Cheruthuruthi):* Sir, we would gladly leave it to the discretion of the Chair.

Mr. President: So I take it that the sense of the House is that as little time as necessary may be devoted to speeches and that speeches may not run to undue lengths. If that is accepted I shall try to regulate the speeches without restricting them to a number of minutes and seconds. If a motion is a matter of great importance even 10 minutes may be given.

CUT-MOTIONS

(1) Shifting of the office of the Executive Engineer, Southern Division—*(cont.)*

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തെക്കെ ഡിവിഷൻ Executive Enginner രുടെ ആഫീസ്സ് ഇരിങ്ങാലക്കുടക്കൊ, ചാലക്കുടിക്കൊ മാറ്റുന്നതിനെ സംബന്ധിച്ച് ഞാൻ ഇതി നുമുമ്പ് പറഞ്ഞിട്ടുള്ളതിൽ കരുവന്നൂർ പുഴ, കുറുമാലി പുഴ,മണലിപ്പുഴ ഈ പുഴകളിലും പു ഴകളിൽനു വരുന്ന തോടുകളിലും താല്ക്കാലിക ചിറകെട്ടി ജലശേഖരംചെയ്യുകൃഷിചെ യ്യുന്നതിൽ അവിചാരിതമായി ചിലസമയങ്ങളിൽ കൃഷിക്കാക്ക് നേരിടുന്ന ദോഷങ്ങളാണ് ഞാൻ പറഞ്ഞിട്ടുള്ളതു്. ചാലക്കുടി പുഴയിൽനിന്നും, അതിൽനിന്നും ഉള്ള തോടുകളിൽ നിന്നും ചിറകെട്ടി വെള്ളമെടുത്തു് കൃഷിചെയ്യുന്നതിനുള്ള വിഷമതകളെപ്പറ്റി ഞാൻ ഇവി ടെ പറയുകയുണ്ടായിട്ടില്ല. കണ്ടൂർ, കുഴൂർ, അന്നമനട മുതലായ സ്ഥലങ്ങളിൽ ചിറകെട്ടി കൃഷി ചെയ്യുവരുന്ന സ്ഥലം പതിനായിരം ഏക്കറോളമുണ്ടെന്നു് എനിക്കറിയാം. പതിനാറായിരത്തിൽ ചിലപ്രാനം ഏക്കർ കോളും എണ്ണായിരത്തിൽ ചിലപ്രാനം ഏക്കർ പു ഞ്ചയും തൃശ്ശിവപേരൂർ താലൂക്കിലും, ഇരുപത്തിനാലായിരം ഏക്കർ പുഞ്ചനിലം മുകുന്ദപുരം താലൂക്കിലും, ഏഴായിരത്തിൽ ചിലപ്രാനം ഏക്കർ മുണ്ടകൻ നിലവും മണലി, കരുവന്നൂർ, കുറുമാലി ഈ പുഴകളിൽ നിന്നും വെള്ളമെടുത്തു് കൃഷിചെയ്യുവരുന്നുണ്ടു്. അതിനും പുറമെ യാണ് ചാലക്കുടി പുഴയിൽനിന്നും അതിന്റെ ഉപപുഴകളിൽനിന്നും താല്ക്കാലിക ചിറ കെട്ടിശേഖരിച്ചു് വെള്ളമെടുക്കുന്നതു്. ഏതെങ്കിലും ഒരു ചിറ പൊട്ടിയാൽ താഴെയുള്ള മ റ്റു ചിറകളെല്ലാം പൊട്ടി വെള്ളം മുഴുവൻ കടലിൽ പോകാൻ ഇടയുള്ളതാണ്. ഇവി ടെ ചില സ്ഥലങ്ങളിൽ പുളികടക്കാതിരിക്കാൻ വേണ്ടി, അതായതു്, ഏറ്റം ഉയർന്നവരു മ്പോൾ കോൾനിലങ്ങളിൽ ഉപ്പുവെള്ളം കടക്കാതിരിക്കാനുള്ള സംരക്ഷയും ഇതിൽ ഉൾപ്പെ ടും. കൊച്ചി രാജ്യത്തു ഭക്ഷണക്ഷാമം എത്രയും കലശലായിരിക്കുന്ന ഇക്കാലത്തു് തൃശ്ശിവ പേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിലെ കൃഷിക്കാരെ സംരക്ഷിക്കാനുള്ള പദ്ധതികളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നായി എക്സ്കിക്യൂട്ടിവ് എഞ്ചിനിയരുടെ ശ്രദ്ധ പതി യേണ്ട ചിറകളാണ് ഇവയെന്നുള്ള സംഗതി ഇവിടെ പ്രസ്താവയോഗ്യമാണ്. ഞാൻ ഇ വിടെ ഇതിനുമുമ്പു് പറയുകയുണ്ടായി. ഒരുപക്ഷെ ഗവർമ്മേണ്ടു ഭാഗത്തുനിന്നു ഈ തുപ്പി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. S. Panicker]

സ്സു സ്ഥലംമാറ്റത്തിനെതിരായി ഒരു മറുപടി പറയുമായിരിക്കാം ഒരു 'അസിറ്റന്റ്' എഞ്ചിനീയർക്ക് ഈ ചിറകളെ സംബന്ധിച്ചു സകല അധികാരങ്ങളും കൊടുത്താൽ പോരെ എന്നു്. അതിനുള്ള മറുപടിയും ഞാൻ അപ്പോൾ പറഞ്ഞിട്ടുണ്ടു്. പോരെങ്കിൽ ഇനിയും പറയാം. ഇറിഗേഷനെ സംബന്ധിച്ചു് അറിവുള്ള അസിസ്റ്റാണ്ടു് എഞ്ചിനീയർമാർ ഇവിടെ ഒന്നും ഇല്ല എന്നുള്ളതാണു്. പുതിയതായി കോളേജിൽനിന്നും വരുന്ന ആളുകൾക്കു കാച്ചു പഴകാതെ ഇതിനെപ്പറ്റി ഒന്നും അറിയുകയില്ല. എന്നു മാത്രമല്ല, കോളേജിൽനിന്നു് പഠിച്ചുവരുന്ന സമ്പ്രദായത്തിലല്ല ഈ പുഴകളിൽ ചിറകെട്ടി കൃഷിസംരക്ഷണം ചെയ്യുവരുന്ന ഇറിഗേഷൻ സമ്പ്രദായമെന്നും ചിരകാലപരിചയം കൊണ്ടുമാത്രം പഠിക്കാൻ കഴിയുന്ന ഒരു ഏർപ്പാടാണെന്നും ആദ്യംതന്നെ മനസ്സിലാക്കണം. ചിറകൾകെട്ടി വെള്ളം സൂക്ഷിച്ചു് കൃഷിസംരക്ഷണം നടത്തുന്ന സമ്പ്രദായം നേരിട്ടുകാട്ടികൊണ്ടു സമ്പാദിക്കേണ്ട ജ്ഞാനമാണു് ഇത്തരം കൃഷിയെ സംബന്ധിച്ചുകാര്യത്തിൽ പ്രധാനമായി വേണ്ടതു്.

Mr. President: The Hon'ble Member will have two minutes more.

Mr. K. S. Panicker *(Ezhuvas-Trichur)*: I want only ten mintes more.

Mr. President : It will be unfair to the other Hon'ble Members.

മിസ്റ്റർ കെ. എസ്സ്. പണിക്കർ; കൊച്ചികണയന്തൂർ താലൂക്കിൽ വ ചിറകൾ മാത്രമുള്ളപ്പോൾ മുകുന്ദപുരം താലൂക്കിൽതന്നെ ഒരു ചിറകളുണ്ടു്. അയ്യായിരത്തി ഇരുന്നൂറപ്പിക കൊച്ചികണയന്തൂർ താലൂക്കിൽ ഈ ഇനത്തിൽ ചിലവു് ചെയ്യുന്നതിൽ മൂപ്പത്തി മൂവായിരത്തിൽ ചിലപ്പോൾ ഉരുപ്പിക മുകുന്ദപുരം താലൂക്കിലെ ചിറകൾക്കും ബണ്ടുകൾക്കും വേണ്ടി തന്നെ ചിലവാക്കുന്നുണ്ടു്. തൃശ്ശിവപേരൂർ, മുകുന്ദപുരം ഈ താലൂക്കുകളിൽനിന്നു പ്രതിവർഷം എത്രലക്ഷം പറ നെല്ലു ഗവർമ്മേണ്ടിനു കിട്ടുന്നുണ്ടെന്നും കൊച്ചികണയന്തൂർ താലൂക്കിൽനിന്നു എത്രനെല്ലു കിട്ടുന്നുണ്ടെന്നും ഉള്ള കണക്കുകൾ താരതമ്യപ്പെടുത്തി നോക്കുന്നതു ഈ അവസരത്തിൽ ഉപയോഗപ്രദമായിരിക്കും. കൊച്ചിയിൽ നെൽകൃഷി വർദ്ധിപ്പിക്കുവാനും ഉള്ളകൃഷിയെ നാശപ്പെടുത്താതെ സംരക്ഷിപ്പാനും കാർഷികവൃത്തിയിൽ കൊച്ചിയെ സ്വയം പര്യാപ്തമാക്കുവാനും ഗവർമ്മേണ്ടുദ്ദേശിക്കുന്നുണ്ടെങ്കിൽ, അതു ആവശ്യമാണെന്നു ബോദ്ധ്യമുണ്ടെങ്കിൽ ഈ രണ്ടു താലൂക്കുകളിലേയും, അതായതു് തൃശ്ശിവപേരൂർ താലൂക്കിലേയും മുകുന്ദപുരം താലൂക്കിലേയും കൃഷിയെ സംരക്ഷിക്കാൻ ഇപ്പോൾ ഉള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരിൽ തഴക്കവും പഴക്കവും പരിചയവും ഉള്ള ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണു്. പ്രത്യേകിച്ചു മലവെള്ളക്കാലത്തു കരുവന്നൂർ പുഴയുടെ ഇരുഭാഗങ്ങളിലും ബണ്ടുകൾ മുറിഞ്ഞു കൃഷികൾക്കും വീടുകൾക്കും പറമ്പുകൾക്കും പല നാശങ്ങളും കൊല്ലംതോറും വന്നുകൊണ്ടിരിക്കുന്നതും ആ സമയങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതവുമാണു്. കൊച്ചികണയന്തൂർ താലൂക്കിൽ വല്ല കെട്ടിടം പണിയൊ മറ്റൊ നോക്കണമെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ഇടക്കിടക്കുള്ള സന്ദർശനമായാൽ മതി. പിന്നെ ഇരിങ്ങാലക്കുടയിലൊ ചാലക്കുടിയിലൊ ആയിരിക്കണം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആഫീസ് എന്നു പറഞ്ഞിട്ടുള്ളതു് എല്ലാവർക്കും ഒരു പോലെ സൌകര്യപ്പെടുന്നതായതുകൊണ്ടാണു്. ചാലക്കുടിയിലാണെങ്കിൽ അവിടെ ആനമല റോഡും മറ്റും ഉള്ളതുകൊണ്ടു കുറെ പ്രാധാന്യം കൂടുതലുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. ഇരിങ്ങാലക്കുടയായാലും വിരോധമില്ലെന്നു് പറയുന്നതു് ടക്കറി അവിടെ ഉള്ളതുകൊണ്ടാണു്. ആ ആപ്പീസ്സിലെ ജോലിക്കാർ മുഴുവനും തൃശ്ശിവപേരൂർക്കാരും മുകുന്ദപുരം താലൂക്കുകാരുമാണു്. താമസിക്കാൻ സ്ഥലം കിട്ടാതെയും ഊണു സൌകര്യമായി കിട്ടാതേയും കഷ്ടപ്പെടുന്ന അവർക്കും സൌകര്യമാണു്. എറണാകുളത്താണെങ്കിൽ ആഫീസ്സിനുള്ള കെട്ടിടങ്ങൾ സൌകര്യമായ വിധത്തിൽ ഇല്ലാത്തതുകൊണ്ടു ഒരു സ്ഥലത്തുനിന്നും മറ്റൊരു കെട്ടിടത്തിലേക്കു മാറിമാറിക്കൊണ്ടിരിക്കുകയാണു്. ഇതിനെല്ലാം എല്ലാസൌകര്യങ്ങളുമുള്ള ചാലക്കുടിക്കൊ ഇരിങ്ങാലക്കുടക്കൊ മാറ്റമന്നതുകൊണ്ടു് കൊച്ചികണയന്തൂർ താലൂക്കിനു യാതൊരു ദോഷവും വരാനില്ലെന്നു തന്നെയല്ല, തൃശ്ശിവപേരൂർ—മുകുന്ദപുരം താലൂക്കുകളിൽ കൃഷിചെയ്തു നെല്ലുണ്ടാക്കി കൊച്ചികണയന്തൂർ താലൂക്കിനെ തീറ്റിപോറ്റുന്ന ഈ താലൂക്കുകൾക്കു ഉപകാരമായിരിക്കുകയും ചെയ്യും. അതുകൊണ്ടു് സാധാരണ ഖണ്ഡനോപക്ഷേപങ്ങൾക്കു മറുപടിയായി നമ്മുടെ ഗവർമ്മേണ്ടു് പറയാവുള്ളതുപോലെയുള്ള യാതൊരു മുടന്തൻ ന്യായങ്ങളും പറയാതെ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വശങ്ങളേയും നല്ലവണ്ണം മനസ്സിലാക്കി തെക്കെഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആഫീസ്സ് ചാലക്കുടിക്കൊ ഇരിങ്ങാലക്കുടക്കൊ മാറ്റണമെന്നപേക്ഷിച്ചുകൊണ്ട് ഈ ഖണ്ഡനോപക്ഷേപം സഭയുടെ അംഗീകരണത്തിന്നായി ഞാൻ ഇതാ അവതരിപ്പിച്ചു കൊള്ളുന്നു.

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതിനെസംബന്ധിച്ചാലോചിച്ചതിൽ ഇപ്പോഴത്തെ നിലക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് ഇവിടത്തന്നെ വേണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. റോഡും ബിൽഡിങ്ങ്സും, ഗ്രോയിൻസും, ഇതുപോലെ വളരെ പ്രധാനപ്പെട്ട പണികളൊക്കെയും ഇവിടെ ധാരാളമുണ്ട്. അതിലെല്ലാം എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ശ്രദ്ധ എപ്പോഴുമുണ്ടായിരിക്കേണ്ടതാണ്. ഇതെല്ലാം ആലോചിച്ചപ്പോൾ ആപ്പീസ്സ് ഇവിടത്തന്നെ വേണമെന്നാണ് തോന്നിയത്. മുകുന്ദപുരം താലൂക്കിൽ ഇറിഗേഷൻകാര്യം നോക്കാൻ ഒരു അസിസ്റ്റാണ്ടു് എഞ്ചിനീയർ അവിടെയുണ്ട്. എറണാകുളത്ത് ആപ്പീസ്സുവെച്ചുകൊണ്ട്, അത് മദ്ധ്യപ്രദേശമല്ലെങ്കിലും, ഗതാഗത സൌകര്യവും മറ്റും നോക്കുമ്പോൾ കാര്യങ്ങൾ നടക്കുവാനും നടത്തുവാനും കൂടുതൽ സൌകര്യമുള്ളതായിരിക്കും. കൂടുതൽ works ഇവിടെയായതുകൊണ്ട് ആപ്പീസ്സ് ഇവിടെയിരിക്കുന്നതായാൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ സാധിക്കും. അതുകൊണ്ട് ഇപ്പോഴത്തെനിലക്ക് ഗവമ്മെണ്ടിനു തോന്നുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് എറണാകുളത്തുതന്നെ ഇരിക്കണമെന്നാണ്.

മിസ്റ്റർ പി. ടി. ജേക്കബ്: ഇറിഗേഷൻ പണികൾ സാധാരണ നടത്തുന്നത് വഷ്ക്കാലങ്ങളിലാണോ ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇറിഗേഷൻസംബന്ധിച്ചു അടിയന്തിര പണികൾ അപ്പോഴാണ് അധികം വരാറു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഇറിഗേഷൻസംബന്ധിച്ചകാര്യങ്ങളിൽ, നാട്ടുകാർക്ക് അത്യാവശ്യമായ ചിലകാര്യങ്ങൾ പെട്ടെന്നു അവിടെ ചെയ്യേണ്ടതായിവരും. കൃഷിമാലിപ്പുഴയിലെ അണ്ണോ, ആറോ ചിറകൾ ഒരു ദിവസംതന്നെപൊട്ടിക്കുകയും, കെട്ടുകയും ചെയ്യേണ്ട ആവശ്യം വന്നേക്കാം. ഈ വക കാര്യങ്ങളിൽ ശ്രദ്ധ പതിച്ചില്ലെങ്കിൽ, അവിടെ പുഞ്ചകൃഷി നടത്താൻ സാദ്ധ്യമല്ല. അതുകൊണ്ട്, ഈ കാര്യത്തിൽ അത്യാവശ്യമായത് വേണ്ടത് ചെയ്യാനുള്ള അധികാരം, അസിസ്റ്റൻറ് എഞ്ചിനിയക്ക് കൊടുക്കണം. ഇപ്പോൾ, ഏതൊരു കടലാസും, അസിസ്റ്റൻറ് എഞ്ചിനീയക്ക് കൊടുത്താൽ, അത്, എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അടുക്കൽ അയച്ചു കല്പന വരുത്താനാണ് നോക്കുന്നത്. അത്യാവശ്യകാര്യങ്ങളെസംബന്ധിച്ചുള്ള അധികാരം അദ്ദേഹത്തിന്നു കൊടുക്കുകയാണെങ്കിൽ, ഈവക കാര്യത്തിന്നു കുറച്ച് ആശ്വാസമുണ്ടാകും. അങ്ങിനെ ചെയ്യുകയാണെങ്കിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് അവിടെതന്നെ വേണമെന്ന് ഞങ്ങൾക്കു നിർബ്ബന്ധിക്കേണ്ടിവരുകയില്ല. ഇപ്പോൾ അവിടത്തെ കൃഷിക്കാർ വളരെ അധികം കഷ്ടത അനുഭവിക്കേണ്ടിവരുന്നുണ്ട്. കൃഷിക്കാക്കു വെള്ളം കിട്ടേണ്ട കാര്യത്തെസംബന്ധിച്ചു എക്സിക്യൂട്ടീവ എഞ്ചിനീയരേയൊ, ചീഫ് എഞ്ചിനീയരേയൊ, കണ്ട് കാര്യം നടത്തി വരുമ്പോഴേക്കും, ഒന്നുകിൽ ഉണക്കകൊണ്ട് കരിഞ്ഞുപോകും. അല്ലെങ്കിൽ, വെള്ളംകൊണ്ട് മുങ്ങിപ്പോകും. അതുകൊണ്ട ഈ കാര്യത്തിൽ ഗവമ്മെണ്ട് ഉടനടി വേണ്ടതു ചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഞാനും ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുന്നു. ഉദ്യോഗസ്ഥന്മാർ എവിടെ ഇരുന്നാലും, അവർ നടത്തേണ്ട കാര്യങ്ങൾ നടത്തും. ഇരിങ്ങാലക്കുടെ ആപ്പീസ്സ് വച്ചാലും, എറണാകുളത്തു് ആപ്പീസ്സ്വച്ചാലും, അവക്ക് അവരുടെ കാര്യങ്ങൾ നടത്താൻ സാധിക്കും. എന്നാൽ ജനങ്ങളെസംബന്ധിച്ചേടത്തോളം അങ്ങിനെയല്ല. ജനങ്ങൾക്ക് അത്യാവശ്യമായ കാര്യങ്ങൾ നടത്തേണ്ട സന്ദർഭം വരുമ്പോൾ, അത് നടത്തുന്നതിന്നു് അധികാരപ്പെട്ടവർ സ്ഥലത്തുണ്ടായാൽ എത്രയും എളുപ്പത്തിൽ അത് നിവ്വഹിക്കാൻ സാധിക്കും. ഈ കാര്യത്തിൽ ഓരോ ആവശ്യവും വരുമ്പോൾ, ഡെപ്യൂട്ടേഷനും വഹിച്ചുകൊണ്ട് ഓരോ ആപ്പീസുകളിലും, ഞങ്ങൾ കേറി ഇറങ്ങാനുള്ള ഒരു സ്ഥിതി ഉ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. S. Panicker]

ണ്ടാക്കി തീർക്കരുത് എന്നുമാത്രമാണ് എനിക്ക പറയാനുള്ളത്. എല്ലാതീവണ്ടിയും നില്ക്കുന്ന ഒരു സ്റ്റേഷനാണ് ചാലക്കുടി; മറവപല ഗതാഗത സൌകര്യങ്ങളും അവിടെയുണ്ട്. അതുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് അങ്ങോട്ട മാറ്റുന്നതു് സൌകര്യപ്രദമായിരിക്കുമെന്നാണ് എനിക്ക തോന്നുന്നതു്. ഈ കാര്യത്തിൽ ഗവമ്മെണ്ടു് ഒരനുകൂലമായ നിലയെടുക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. കെ. പോൾ: സർ, ഇതുവളരെ അത്യാവശ്യമായിട്ടുള്ള കാര്യമാണ്. ഉദ്യോഗസ്ഥന്മാരുടെ കാര്യവും, ഒന്ന് നോക്കണ്ടിവരുന്നതായ ഒരു കാലഘട്ടമാണിതു്. ഞാൻ ഇന്നു്, ഈ ആപ്പീസ്സിലെ ഏതാണ്ടം ആളുകളെകണ്ടു് സംസാരിക്കുകയുണ്ടായി. ഞാൻ പറയുന്നു, അവിടെയുള്ള ക്ലാക്കുമാരിൽ ഫ 8% മെങ്കിലും, ഈ ആപ്പീസ്സ് ഇവിടെ നില്ക്കണമെന്നു് അഭിപ്രായപ്പെടുകയാണെങ്കിൽ, ഈ ആപ്പീസ്സ് ഇവിടെ നിൽത്താൻ വിരോധമില്ലായെന്നു്. ഈ ആപ്പീസ്സ് എങ്ങിനെയെങ്കിലും ഇവിടെനിന്നുപോയാൽ മതിയെന്ന അഭിപ്രായക്കാരാണ് അവരിൽ പലരും. അവക്ക ഇവിടെ താമസിക്കാൻ, ഒരു സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടം, അതിനുള്ള ചിലവും, എല്ലാവക്കും അറിയാം. എന്നാൽ ഈ ആപ്പീസോ, സ്ഥലം ഇല്ലാത്തതുകൊണ്ടു്, അങ്ങോ, ആരോ, ദിക്കിലേക്കു് മാറിയിട്ടുണ്ടെന്നു തോന്നുന്നു. പൂച്ചയെ എഴില്ലം കടത്തുന്ന ഒരു സമ്പ്രദായമുണ്ടു്. അതുപോലെ ഈ ആപ്പീസ്സു്, ഏഴാമത്തെ ഇല്ലം കടത്തുന്നതിനു് മതിയാകുന്നുണ്ടെങ്കിൽ, ആ ഇല്ലം ചാലക്കുടിയിൽ ആയിരുന്നാൽ വളരെ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. വലുതായ ഒരു റോഡു്, ചാലക്കുടിയിൽനിന്നു് ആനമലയിലേക്കു് വരാൻപോകുന്നു. അതിന്റെ ജോലി എപ്പോഴും അനേഷിച്ചുകൊണ്ടിരിക്കേണ്ടതു ഏറ്റവും അത്യാവശ്യമാണു്. അതുകൊണ്ടു അങ്ങിനെ അനേഷിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ ആപ്പീസ്സു് ചാലക്കുടിയിലായിരിക്കേണ്ടതാണെന്നാണ് എനിക്ക തോന്നുന്നതു്. ഇതിൽ കൂടുതൽ ഈ കാര്യത്തെപ്പറ്റി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഈവക കാര്യങ്ങൾ ആലോചിച്ചു് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സു് ചാലക്കുടിയിലേക്ക മാറ്റാൻ സമ്മതിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ പി. മാണി: സർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻപദ്ധതിമാത്രം നടപ്പിൽ വരുത്താനുള്ള ഒരാളാണോ? വേറേയും പല കാര്യങ്ങളും നടത്താൻ ചുമതലപ്പെട്ട ആളാണു്. കാര്യങ്ങളം ഉടനടി നടത്താൻ ഒരു ഉദ്യോഗസ്ഥൻ അവിടെ ഇല്ലെന്നുള്ളതാണു് ആക്ഷേപമെങ്കിൽ അങ്ങിനെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥനെ അവിടെ നിയമിക്കയാണം വേണ്ടതു്. അവിടെ ഒരു അസിസ്റ്റാണ്ടു് എഞ്ചിനീയർ ഉണ്ടു്. അദ്ദേഹത്തിനു തക്ക സമയത്തു് വേണ്ടതു് പ്രവർത്തിക്കുന്നതിനു് ഉള്ള സകല അധികാരങ്ങളും, കൊടുക്കുന്നതിനു് ഏർപ്പാട ചെയ്യണം എന്നാണു് എനിക്കഭിപ്രായമുള്ളതു്. അതോടൊപ്പംതന്നെ ഇവിടെ ഉദ്യോഗസ്ഥന്മാക്കു് താമസിക്കാൻ സ്ഥലമില്ല എന്നാണു് പറയുന്നതെങ്കിൽ അതിലും വലിയ ന്യായമില്ല. ഇതിലും വലിയ ആപ്പീസ്സുകളം ഇവിടെയുണ്ടു്. അതിലുള്ളവരെല്ലാം ഇവിടതന്നെയല്ലെ താമസിച്ചുവരുന്നതു്? അവക്കും താമസ സൌകര്യമില്ലാതെവരുന്നില്ലെ? അതനുസരിച്ചു ഈ ആപ്പീസ്സുകളും മാറണമെന്നുവരുന്നില്ലെ? ഇവിടെ ഉദ്യോഗസ്ഥന്മാക്കു താമസ സൌകര്യമില്ലെങ്കിൽ സൌകര്യത്തെമാത്രം ഉദ്ദേശിച്ചാണു് ആപ്പീസ്സു മാറണമെന്നു പറയുന്നതെങ്കിൽ ഇനിക്ക പറയുവാനുള്ളതു് ഞങ്ങളുടെ കണയന്നൂർപോലെയുള്ള സ്ഥലങ്ങളം ഇവിടെ അടുത്തുണ്ടു്. ഈ ആപ്പീസ്സു് അങ്ങോട്ടുപോയാൽ എന്താണു് വിരോധം? അവിടെയാണെങ്കിൽ, വളരെ ചുരുങ്ങിയവിലക്കു് കൂടുതൽ സൌകര്യമുള്ള സ്ഥലങ്ങളം കിട്ടും. പക്ഷേ, അങ്ങിനെ വേണമെന്നല്ലാ, ഞാൻ അഭിപ്രായപ്പെടുന്നതു്. എറണാകുളത്തെപ്പോലെ എറ്റവും പ്രധാനമായിട്ടുള്ള ഒരു സ്ഥലത്തുനിന്നു് ആപ്പീസ്സു് മാറണം എന്നു് പറയുന്നതിനു് അർത്ഥമില്ല. ഇന്ത്യയുടെ റാണിയായി തീരാൻപോകുന്ന ഹാർബർ നമുക്കിവിടെയുള്ളപ്പോൾ അതിനെ തുടർന്ന ഇനിയും ധാരാളം പണികളം ഈ എറണാകുളത്തും അതിന്റെ ചുറവപാടിലും നടത്തേണ്ടതായിവരും. പല പ്ലാനുകളും, അതിനു് ഉണ്ടാക്കേണ്ടതുണ്ടാകും. അക്കാലത്തു്, എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സു് ചാലക്കുടിയിലൊ ഇരിങ്ങാലക്കുടയിലൊ ആയിരിക്കുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ഈ ബില്ലിനെ അനുകൂലിക്കാൻ എനിക്ക നിവൃത്തിയില്ല. ഇതു് ഗവമ്മെണ്ടു് സ്വീകരിക്കുകയില്ലായെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചൌധരി ജി. എസ്സ്. ധാരാസിംഗ്: സർ, ബഹുമാനപ്പെട്ട മെമ്പന്മാർ പറഞ്ഞ അടിസ്ഥാനത്തിൽ അല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് ഇവിടെനിന്നു മാറ്റണം എന്നു ഞാൻ പറയുന്നതു്. ഇതിന്റെ അവതാരകർ പറയുകയുണ്ടായി, ചാലക്കുടിയിലേക്കോ, ഇരിങ്ങാലക്കുടയിലേക്കോ, ഈ ആപ്പീസ്സ് മാറ്റണമെന്നു്. ബഹുമാനപ്പെട്ട കണയന്നൂർമെമ്പർ പറയുന്നു ഈ ആപ്പീസ്സ് അങ്ങോട്ടു മാറ്റണമെന്നു്. എന്നാൽ എങ്ങോട്ടു മാറ്റിയാലും തരക്കേടില്ലാ, ഇതു് ഇവിടെനിന്നു് ഒഴിഞ്ഞുകിട്ടിയാൽ മതിയെന്നാണു് എനിയ്ക്കു് പറയുവാനുള്ളതു്. കാരണം, എം. എൽ. സി. മാക്കു താമസിയ്ക്കാൻ ഇട്ടിരുന്നസ്ഥലം കുറെനാൾ ഇവർ കൈകേറി. അതുകൊണ്ടു് പുറമെനിന്നു വരുന്ന എം. എൽ. സി. മാക്കു വളരെ ബുദ്ധിമുട്ടുണ്ടായി. ഇവിടെ കോളേജു് വിദ്യാർത്ഥികൾ, ഹോസ്റ്റൽ സൌകര്യമില്ലാതെ കഷ്ടപ്പെടുന്നു. എത്രയും പ്രധാനമായ സംഗതിയാണു് അതു് എന്നോർക്കണം. കോളേജു് വിദ്യാർത്ഥികൾക്കു ഹോസ്റ്റൽ സൌകര്യം കിട്ടിയില്ലെങ്കിൽ അവരുടെ പഠിപ്പിനു് തന്നെ ബുദ്ധിമുട്ടാകും. അതുകൊണ്ടു് അവർക്കു് സൌകര്യമുണ്ടാക്കികൊടുക്കേണ്ടതു് ഏറ്റവും അത്യാവശ്യമായ കാര്യമാണു്. ഈ ആപ്പീസ്സ് ഇവിടെനിന്നു കുറച്ചു് ദൂരത്തു് മാറ്റിയതുകൊണ്ടു് ഭരണപരമായി ഗവൺമെണ്ടിനു് വലിയ ബുദ്ധിമുട്ടു് വരാൻ പോകുന്നില്ല. അതു് ചാലക്കുടിയിലേക്കോ ഇരിങ്ങാലക്കുടയിലേക്കോ, അല്ലെങ്കിൽ കണയന്നൂരിലേക്കോ മാറ്റിയതു് കൊണ്ടു് വലിയതരക്കേടൊന്നും വരാനില്ല. ഇതിന്റെ അവതാരകന്റേയും, മറ്റു പലരുടെയും പ്രസംഗങ്ങൾ കേട്ടതിൽനിന്നു് എനിക്കു തോന്നുന്നതു്, ഇതു് ചാലക്കുടിയിലേക്കു മാറ്റുകയാണു് നല്ലതു് എന്നാണു്. ഇത്രമാത്രമെ എനിക്കു് ഈ കാര്യത്തിൽ ഒരഭിപ്രായം പറയാനുള്ളൂ.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: സർ, എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് ഇവിടെനിന്നു്, ചാലക്കുടിയിലോക്കോ ഇരിങ്ങാലക്കുടയിലേക്കോ, അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തേക്കോ, മാറ്റണമെന്നു അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. തലസ്ഥാനനഗരമായ എറണാകുളത്താണു് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് ആവശ്യമായിട്ടുള്ളതു്. ഏറ്റവും പ്രധാനമായ പലകാര്യങ്ങളും ഇവിടെ അദ്ദേഹത്തിനു് വഹിയ്ക്കാനുണ്ടു്. സുപ്രധാനമായ ഒരു പാലം കെട്ടേണ്ടജോലി ഇവിടെ തുടങ്ങാൻ പോകുന്നുണ്ടു്. ബഹുമാനപ്പെട്ട പബ്ലിക്കുവർക്സ് മന്ത്രിയുടെ സ്റ്റേറ്റ്മെൻണ്ടിൽനിന്നു് ഫ്ലഡ് തന്നെ അതിന്റെ പണിതുടങ്ങാൻ പോകുന്നു എന്നു് നമുക്കു ഉറപ്പുകിട്ടികഴിഞ്ഞു. അതുകൊണ്ടു് ഈ സമയത്തു്, ഈ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്റെ ആപ്പീസ്സ് എറണാകുളത്തുതന്നെ ആയിരിക്കണമെന്ന അഭിപ്രായക്കാരിയാണു് ഞാൻ. പക്ഷേ, ആ ആപ്പീസ്സ് പൂച്ചയെ എഴുതുന്നതുപോലെ വീടുതോറും കൊണ്ടുനടക്കാതെ ഒരു നല്ല കെട്ടിടംകെട്ടി ഇവിടെതന്നെ സ്ഥാപിയ്ക്കേണ്ടതു് അത്യാവശ്യമാണു്. അറബിക്കടലിന്റെ റാണിയായ ഈ സ്ഥലത്തു് ഇനിയും എത്രയോ പണികൾ നടത്താനുണ്ടു്. പബ്ലിക്കുവർക്സ് മന്ത്രി വാഗ്ദാനം ചെയ്തിട്ടുള്ള കാര്യങ്ങൾ എല്ലാം അദ്ദേഹം നടത്തുമെന്നാണു് എന്റെ വിശ്വാസം. അപ്പോൾ എക്സിക്യൂട്ടീവ് എഞ്ചനീയരുടെ ആപ്പീസ്സ് ഇവിടെതന്നെ അത്യാവശ്യമാണു്.

ഈ അവസരത്തിൽ എനിക്കൊന്നു് പറയുവാനുള്ളതു് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ജോലികൾ ഒന്നു് ത്വരിതപ്പെടുത്തണമെന്നുള്ളതാണു്. അവരുടെ ആപ്പീസ്സിലുള്ള നടപടികൾ വളരെ മന്ദഗതിയിലാണു് നടക്കുന്നതു്. എന്റെസ്വന്തം അനുഭവത്തിൽതന്നെയുള്ള ഒരു കാര്യം ഞാൻ പറയാം. ഞാൻ അങ്ങോട്ടു് ഒരു എഴുത്തയച്ചിട്ടു്, അതിനൊരുമറുപടികിട്ടാൻ നു മാസം പിടിച്ചു. ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടു് കാര്യമായില്ല അവരുടെ പ്രവർത്തനം ശരിയായി നടത്തിക്കണമെന്നാണു് ഞാൻ പറയുന്നതു്.

Mr. President: Order, order. We are on the question of shifting of the office.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ആയതുകൊണ്ടു്, എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആപ്പീസ്സ് എറണാകുളത്തുതന്നെ ആയിരിക്കണമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പത്മനാഭമേനോൻ: മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ ഉപക്ഷേപത്തെ ഖണ്ഡിച്ചു് ഇത്ര വലിയ വാദപ്രതിവാദങ്ങൾ ഇവിടെ ഉണ്ടാകും എന്നു് ഞാൻ ഉദ്ദേശിച്ചിരുന്നില്ല. പഴയകാലത്തു് കൊച്ചിയിൽ ഉദ്യോഗസ്ഥന്മാരാണു് തീരുമാനിക്കുക, അവരുടെ ആപ്പീസ്സ് എവിടെയാണു് വെണ്ടതു് എന്നു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഭരണം

[Mr. Puthur Achutha Menon]

വന്നപ്പോൾ ഏതു സംഗതിയെപ്പറ്റിയും ഒരു അഭിപ്രായം പറയുവാനുള്ള അവകാശം ഇവിടത്തെ ജനങ്ങൾക്കുണ്ടായി. മുകുന്ദപുരം താലൂക്കുകാർ യാതൊരു ആനുകൂല്യവും ചെയ്യരുതെന്നു് അപേക്ഷിയ്ക്കാനല്ലാ ഈ ഉപക്ഷേപം കൊണ്ടുവന്നതു്. കഴിഞ്ഞ എട്ടു്, പത്തു് കൊല്ലത്തെ റിക്കാർഡുകൾ പരിശോധിക്കുന്നതായാൽ ന്യായം തീരുമാനിക്കുന്നതിനുള്ള മനസ്ഥിതി ഈ ഗവൺമെണ്ടിനുണ്ടെങ്കിൽ, ഇരിങ്ങാലക്കുടയിലേക്കൊ ചാലക്കുടിയിലേക്കോ, ഈ ആപ്പീസ്സു് കൊണ്ടുവരും എന്നുള്ളതുകൊണ്ടു് ആ സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. കഴിഞ്ഞ വ, ൧൦ കൊമായി അവിടെ ഉണ്ടായിട്ടുള്ള ആവശ്യങ്ങളേയും, പണികളേയുംപറ്റി ആലോചിക്കുകയാണെങ്കിൽ ആ താലൂക്കിലാണു് ഈ ആപ്പീസ്സു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതു് എന്നു് മനസ്സിലാക്കുവാൻ സാധിക്കും. മാടായിക്കോണത്തു്, അനേകായിരം ഏക്കർ സ്ഥലത്തുള്ള കൃഷി വെള്ളം നിറഞ്ഞു പണിയാൻ സാദ്ധ്യമല്ലാതെ വന്നപ്പോൾ വെള്ളം തുറന്നു വിടേണ്ട ആവശ്യത്തിനു് ഞങ്ങൾ അസ്സിസ്റ്റന്റു് എഞ്ചിനീയരുടെ അടുത്തു് ചെന്നു; ചിറ തുറക്കണമെങ്കിൽ, മേലധികാരത്തിൽ നിന്നുള്ള കല്പന കിട്ടണമെന്നു് പറഞ്ഞു- മേലാൽ എറണാകുളത്തുനിന്നു് കല്പനവന്നു് ചിറതുറക്കുമ്പോഴേക്കും കൃഷിയ്ക്കു് വലിയനാശം സംഭവിക്കും- കഴിഞ്ഞ വ, ൧൦ കൊല്ലക്കാലമായി ഉണ്ടായിട്ടുള്ള അനുഭവം ഇതാണു്. ഒരേദിവസംതന്നെ ചിറ തുറക്കേണ്ടതും കെട്ടേണ്ടതുമായ ആവശ്യംവരും. ഇതിനെല്ലാം അധികാരമുള്ള ഉദ്യോഗസ്ഥൻ അവിടെ ഇല്ലെങ്കിൽ കർഷകർക്കു് വളരെ കഷ്ടപ്പാടുണ്ടാകുന്നതാണു്. കൃഷി പാടെ നശിച്ചു പോകുന്നതാണു്.

ഇതിൽ ഒരു കാര്യം എനിയ്ക്കു പറയാനുള്ളതു് ഇതാണു്. അവിടത്തെ ഇറിഗേഷൻസംബന്ധിച്ച കാര്യങ്ങൾക്കു്, കഴപ്പം നേരിടാതിരിയ്ക്കാൻവേണ്ടി, എക്സിക്യൂട്ടീവു് എഞ്ചിനീയരുടെ ആപ്പീസ്സു് അങ്ങോട്ടുമാറ്റണം; അതല്ലെങ്കിൽ ഞങ്ങളുടെ താലൂക്കു് തൃശ്ശിവപേരൂർ താലൂക്കിനോടു് ചേർക്കണം. എറണാകുളത്തു് വന്നു് കാര്യങ്ങൾ നടത്തികൊണ്ടു് പോകാൻ ഞങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടു്. അങ്ങിനെ നടത്തുവാൻ വിട്ടുന്നതായാൽ കൃഷി നശിക്കും. തൃശ്ശിവപേരൂർക്കു് പോയിവരുവാനാണെങ്കിൽ ഇത്രയും ബുദ്ധിമുട്ടുണ്ടാകയില്ല. അതുകൊണ്ടാണു് തൃശ്ശിവപേരൂർ താലൂക്കിനോടു് ചേർക്കണമെന്നു് പറയുന്നതു്. കഴിഞ്ഞ വ, ൧൦ കൊല്ലക്കാലത്തെ ഫയലുകൾനോക്കി, കൃഷികസമ്പ്രദായത്തെ പഠിച്ചു് ഈ കാര്യംതീരുമാനിയ്ക്കണമെന്നു് മാത്രമേ ഞാൻ പറയുന്നുള്ളു.

മിസ്റ്റർ പി. എ. മുഹമ്മദു് അഷ്റഫു് : സർ, എക്സിക്യൂട്ടീവു് എഞ്ചിനീയരുടെ ആപ്പീസ്സു് എറണാകുളത്തുനിന്നും ചാലക്കുടിക്കോ ഇരിങ്ങാലക്കുടക്കോ മാറണമെന്ന ഖണ്ഡനോപക്ഷേപത്തെ സംബന്ധിച്ചുള്ള അഭിപ്രായപ്രകടനം പലരുടേയും നടന്നുകഴിഞ്ഞു. മുമ്പു് ഇവിടത്തെ ആവലാതി എക്സിക്യൂട്ടീവു് എഞ്ചിനീയർമാർ അധികമായിപ്പോയി എന്നായിരുന്നു. എന്നാൽ ഇപ്പോൾ അവർ പോരായെന്നാണു് ഇവിടെ നടന്ന വാദപ്രതിവാദം കൊണ്ടു് എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതു്. അതുകൊണ്ടാണല്ലൊ അദ്ദേഹത്തെപ്പോലെ അധികാരമുള്ള ഉദ്യോഗസ്ഥന്മാർ പലദിക്കിലും വേണമെന്നു പറയുന്നതു്. ഇതുതന്നെയാണു ഗവൺമെണ്ടിനു് ഒരു നല്ലതരം; ഗവൺമെണ്ടു് വിചാരിച്ചാൽ ഇപ്പോൾ കുറെ ആളുകൾക്കുകൂടി ഉദ്യോഗം കൊടുക്കാൻ സാധിക്കും. എന്നാൽ ഇത്തരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ കൊടുത്തല്ലുക്കു വേണമെന്നില്ല എന്ന അഭിപ്രായത്തോടു കൂടിയാണു കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകൊള്ളു എന്നു ഞാൻ ഗവൺമെണ്ടിനെ ഉപദേശിക്കുന്നതു്. ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽനിന്നു് എനിക്കു തോന്നിയ അഭിപ്രായമാണു ഞാൻ പറഞ്ഞതു്.

മിസ്റ്റർ എം. കെ. രാജ : സർ, മുകുന്ദപുരം താലൂക്കും കൊച്ചികണയന്നൂർ താലൂക്കും തമ്മിലുള്ള ഗംഭീരമായ ഒരു സമരമാണു് ഞാൻ ഇപ്പോൾതന്നെ ഇവിടെ കണ്ടതു്. രണ്ടുമൂന്നു മിനിറ്റുമുമ്പുവരെ ഓരോ ഭാഗത്തേയും പടയാളികളുടെ സംഖ്യ ഏതാണ്ടു് തുല്യമായിരുന്നു. എന്റെ സ്നേഹിതൻ ശ്രീമാൻ പുത്തൂർ അച്ചുതമേനോൻ സംസാരിച്ചുതോടുകൂടി മുകുന്ദപുരത്തിന്റെ ഭാഗത്തു ഘനം വളരെ കൂടിട്ടുണ്ടെന്നു് എനിക്കു തോന്നി. എന്നാൽ രണ്ടു കക്ഷിയിലും പെടാത്ത ഒരാൾ എന്ന നിലയിൽ എനിക്കൊരഭിപ്രായമുണ്ടു്. ഇതിൽ അന്തർവ്വഹിച്ചിരിക്കുന്ന പ്രായോഗികതത്വം പലരും മനസ്സിലാക്കാതെയാണു് സംസാരിച്ചതു് എന്നു് എന്റെ വിനീതബുദ്ധിയിൽ തോന്നുന്നു. എവിടേക്കാണു് ആപ്പീസ്സു് മാറേണ്ടതെന്നോ ഏതു കെട്ടിടത്തിലാണു് അതു വേണ്ടതെന്നൊ അല്ല തത്വം. അതിനും പുറമെ ഇരിങ്ങാലക്കുടക്കാരുടെ പാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ളയത്തിൽതന്നെ ഒരു പട നടക്കുന്നുണ്ട്. മുകുന്ദപുരം താലൂക്കിലേക്കാണ് ആപ്പീസ്സ് മാറ്റു ന്നതെങ്കിൽ അതു ചാലക്കുടിക്കു വേണോ ഇരിങ്ങാലക്കുടക്കു വേണോ എന്നുള്ളതിനെപ്പറ്റി ഇനിയും അവക്കു യോജിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഞാൻ പറയുന്നതു് ഓരോ പ്രദേ ശത്തേക്കും അടിയന്തിരമായ ആവശ്യം നേരിടുമ്പോൾ പ്രവർത്തിക്കാൻ തക്ക അധികാരം ഉള്ള ഉദ്യോഗസ്ഥന്മാരെ കൊടുക്കുക. മുകുന്ദപുരം താലൂക്കിലെ അസിസ്റ്റാണ്ടു് എഞ്ചിനീയർക്കു് ഇന്നു് ആ അധികാരമില്ലെങ്കിൽ അതു കൊടുക്കുക. ഇതിലന്തർവ്വിച്ചിരിക്കുന്ന തത്വം decentralisation of power എന്നുള്ളതാണു്. രണ്ടു താലൂക്കിലേയും പ്രവൃത്തികൾ കൃത്യ മായി നടന്നുപോകത്തക്കവണ്ണം അതാതുദ്യോഗസ്ഥന്മാർക്കു വേണ്ട അധികാരം നൽകുക. അ ങ്ങിനെയാണെങ്കിലും ആപ്പീസ്സിന്റെ കാര്യം തൊട്ടുതെതന്നെ ഇരുകക്ഷികൾക്കും അവരവ രുടെ ആവശ്യം നിവ്വഹിക്കാൻ കഴിയും. അതുകൊണ്ടു് മാരോ സ്ഥലത്തും നേരിടുന്ന അടി യന്തിരസ്ഥിതികളെ എതിരിട്ടു പ്രവൃത്തി നടത്തുവാനുള്ള അധികാരത്തോടുകൂടിയ ഉദ്യോഗസ്ഥ ന്മാർ ഉണ്ടാവുകയാണെങ്കിൽ ഈ ഉപക്ഷേപത്തിനു പരിഹാരം കാണുവാൻ സാധിക്കുമെന്നു ള്ള നിർദ്ദേശം മാത്രമാണു് എനിക്കു നല്കുവാനുള്ളതു്.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: സർ, അവിടെ നടക്കുന്ന അത്യാവശ്യമായ മിക്ക ജോലികളും അസിസ്റ്റൻറു് എഞ്ചിനീയർക്കു ചെയ്യാം. മുകുന്ദപുരം താലൂക്കു് ട്രഷ്രിവപേരുടെ എക്സിക്യൂട്ടീവു് എഞ്ചിനീയരുടെ ജൂറിഡിക്ഷനിൽ പെടുത്തണമെന്നു് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായി. എന്നാൽ ഇപ്പോൾതന്നെ കാര്യങ്ങൾ നടത്താനുള്ള സൌകര്യമുണ്ടു്. ചീഫ് ഇഞ്ചിനീയരുടെ ആപ്പീസ്സു് ട്രഷ്രിവപേരുരാണല്ലോ. എക്സിക്യൂട്ടീവു് ഇഞ്ചിനീയർമാർ ചെയ്തുകൊടുക്കേണ്ട കാര്യങ്ങൾ അദ്ദേഹത്തിനു ചെയ്തുകൊടുക്കാൻ സാധിക്കുമല്ലൊ. അത്യാവശ്യകാര്യങ്ങൾ വരുമ്പോൾ അതു് അസിസ്റ്റാൻറു് ഇഞ്ചിനീയരും ചെയ്യുന്നതായിരിക്കും. ഏതായാലും മെമ്പർ പറയുന്ന സംഗതികൾ വെച്ചു് ഈ സംഗതി യെപ്പറ്റി ഗവർമ്മെൻറു് ആലോചിക്കുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ ഇവിടെ പറഞ്ഞ സൌന്ദര്യറാണിയുടെ ഭർത്താക്കന്മാർ തലസ്ഥാനനഗരിയായ എറണാകുളത്തിരിക്കുന്നതുകൊണ്ടു് എനിക്കുള്ള അലോഹ്യംകൊണ്ടല്ലാ ഞാൻ ഇതു പറയുന്നതു്. മുകുന്ദപുരം താലൂക്കിലെ ഇറിഗേഷൻസമ്പ്രദായം ഒരു പ്രത്യേകരീതിയിലുള്ളതാണു്. അതു നല്ലവണ്ണം പഠിച്ചിട്ടുള്ളതു ചീഫ്ഇഞ്ചിനീയരാണു്. അതു കഴിഞ്ഞാൽ പിന്നെ ഇപ്പോഴത്തെ തെക്കെ ഡിവിഷൻ എക്സിക്യൂട്ടീവു്ഇഞ്ചിനീയരാണു് അതിനെപ്പറ്റി കുറച്ചെങ്കിലും മനസ്സിലാക്കിട്ടുള്ളതു്. അവിടത്തെ ഇപ്പോഴത്തെ അസിസ്റ്റാൻറു്ഇഞ്ചിനീയർ ഒരു പുതിയ ആളാണു്. അവിടത്തെ ഇറിഗേഷൻസമ്പ്രദായത്തെ സംബന്ധിച്ചു് അറിവുള്ള ഒരു അസിസ്റ്റൻറു് ഇഞ്ചിനീയർക്കു് അവശ്യം ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട കാര്യങ്ങൾ ചെയ്യാനുള്ള സകല അധികാരങ്ങളും കൊടുത്താൽ മതിയാകുമല്ലൊ എന്നു് ഒരുപക്ഷെ പറയുമായിരിക്കാം. കരുവന്നൂർ പുഴയിലേയും അതിന്റെ ഉപതോടുകളിലേയും ഇറിഗേഷൻസമ്പ്രദായം ഒരു പ്രത്യേകരീതിയിലുള്ളതാണെന്നു ഞാൻ മുമ്പു പറഞ്ഞുവല്ലൊ. കുറെ കാലത്തെ പരിചയംകൊണ്ടല്ലാതെ ആ സമ്പ്രദായം പഠിച്ചു മനസ്സിലാക്കുവാൻ വളരെ പ്രയാസമാണു്. അതു പഠിച്ചിട്ടുള്ളതു ചീഫ് ഇഞ്ചിനീയരും അതു കഴിഞ്ഞാൽ പിന്നെ കുറേശ്ശെയെങ്കിലും അറിയുന്നതു് ഇപ്പോൾ തെക്കെ ഡിവിഷൻ എക്സിക്യൂട്ടീവു് ഇഞ്ചിനീയരുമാണു്. ഇവരിൽ ആരുടേയെങ്കിലും സാന്നിദ്ധ്യം ട്രഷ്രിവപേരുർ, മുകുന്ദപുരം താലൂക്കുകളിലെ പുഞ്ച, കോൾ, മുണ്ടകൻ, വിരിപ്പു് ഈ കൃഷികളുടെ സംരക്ഷണത്തിനു് അത്യന്താപേക്ഷിതമാണു്. ഇതുകളെസ്സംബന്ധിച്ചുള്ള ചീഫ് ഇഞ്ചിനീയരുടെ അധികാരങ്ങൾ ഇപ്പോൾ എക്സിക്യൂട്ടീവു് ഇഞ്ചിനീയർമാർക്കു നൽകിയിരിക്കുകയാണു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ കൃഷിക്കാർ പെട്ടെന്നു ചെയ്യേണ്ട സംരക്ഷണകാര്യത്തിനു് ഓടിഎത്തിയാലും ഉടൻ രക്ഷ നൽകുന്നതിനു് അദ്ദേഹത്തിനും കഴിവുണ്ടാവുകയില്ലെന്നാണു് വന്നിരിക്കുന്നതു്. അദ്ദേഹത്തിന്റെ അടുക്കൽ പോകാമെന്നു വെക്കുകയാണെങ്കിൽ ബുദ്ധിമുട്ടു് ഒന്നുകൂടി കൂട്ടുകയേ ഉള്ളു. ചീഫ് ഇഞ്ചിനീയർക്കു കൊടുക്കുന്ന കടലാസ്സു് എക്സിക്യൂട്ടീവു്ഇഞ്ചിനീയർക്കു് അഭിപ്രായത്തിനയക്കും; അദ്ദേഹം അതു് അസിസ്റ്റാൻറു് ഇഞ്ചിനീയർക്കു് അഭിപ്രായത്തിനയക്കും; അദ്ദേഹം മാവർസിയർക്കയക്കും; ഇങ്ങിനെ ഓരോരുത്തരുടേയും അഭിപ്രായം അറിഞ്ഞുവരുമ്പോഴെക്കും കൃഷികാര്യം നിശ്ശേഷം നശിച്ചുപോകും. ഇതാണു് ഇപ്പോഴത്തെ പരിഷ്കരണംകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ. ഇതുമൂലം കൃഷിക്കാർക്കു കഷ്ടപ്പെടാനും നഷ്ടപ്പെടാനുമായി. ഇതിനെല്ലുമെങ്കിലും ഒരു നിവാരണം ഉണ്ടാക്കാൻ

[Mr. K. S. Panicker]

കഴിയും. തൈക്കെഡിവിഷ്വൻ എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെ ആപ്പീസ് ഇരിങ്ങാലക്കുടക്കോ ചാലക്കുടിക്കോ മാറ്റിയാൽ കൊള്ളാം എന്നാണ് എനിക്ക് ഊന്നിഊന്നി പറയാനുള്ളത്.

റാവുസാഹിബ് കെ. അയ്യപ്പൻ : അത്യാവശ്യമായ കാര്യത്തിനു് ഇതൊന്നും നോക്കില്ല. അധികാരം ആരുടെ കയ്യിലായാലും കാര്യങ്ങൾ ഉടനെ നടത്തും. കഴിഞ്ഞ ഒരു ദിവസം ചീഫ് ഇഞ്ചിനീയരും ഞാനുംകൂടി പെട്ടെന്ന് ഒരു കാര്യത്തിനു മുകുന്ദപുരം താലൂക്കിൽ പോയിരുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ : ചീഫ് ഇഞ്ചിനീയരുടെ ജോലി കുറക്കാനും കാര്യക്ഷമതക്കും വേണ്ടിയാണ് എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാരെ നിയമിച്ചതെന്നാണ് സങ്കല്പം. അങ്ങിനെയാണെങ്കിൽ ഇപ്പോൾ അദ്ദേഹത്തിനു ജോലി പതിന്മടങ്ങു വർദ്ധിക്കുകയും കാര്യക്ഷമത നിശ്ശേഷം നശിക്കുകയുമാണ് ചെയ്തിട്ടുള്ളതു്.

ഈ സംഗതിയെപ്പറ്റിയുള്ള ഗവണ്മെണ്ടിന്റെ മനസ്ഥിതി ഇപ്പോൾ കുറെയെല്ലാം മാറിതുടങ്ങിയിട്ടുണ്ടു് എന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സ്ഥലത്തു വന്നു കരുവന്നൂർ, മണലി ഈ പുഴകൾ വഴിയായി നടത്തിവരുന്ന ഇറിഗേഷൻ സമ്പ്രദായം മനസ്സിലാക്കുമ്പോൾ ഈ ഉപക്ഷേപത്തിൽ പറഞ്ഞ സംഗതികൾ പച്ചപരമാർത്ഥമാണെന്നു സമ്മതിക്കുന്നതാണ്. അവിടത്തെ കർഷകരുടെ പരിരക്ഷയെ ഉദ്ദേശിച്ചു് ഉടനെതന്നെ എക്സിക്യൂട്ടീവ് ഇഞ്ചിനീയരുടെ ആപ്പീസ് അങ്ങോട്ടു മാറ്റുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ സഭയുടെ അനുമതിയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Mr. K. Balakrishna Menon *(Cheruthuruthi):* With your kind leave, Sir, may I just make a request. You will be pleased to find that the only cut motions tabled by the Opposition are cut motion Nos. 47, 48 and 49. In the ordinary course of things, it is not likely that this House will reach them. It is also noteworthy, Sir, in between those two, that is to say, the next in order and cut motion No. 47, you will find that every motion stands in the name of one or other member belonging to the Ministerialist Party. It may also be noted that every motion prior to this, is in connection with a matter which is only of local importance. On the other hand, you will find that the subject matter of cut motion No. 49 deals with a very important matter which is of all-Cochin importance and in connection with this, I may bring to the notice of the Chair, no less than 90 questions had been asked by Mr. Raghavan, who is the Secretary of our Party. The subject matter of cut motion No. 49 is the hydro-electric scheme at Poringalkuthu and the way in which it is managed. I may also incidentally bring to the notice of the Chair that these questions were sent, the information given to me is that, these questions were sent about a month back.

Mr. President: We are upon the motions and not on the questions.

Mr. K. Balakrishna Menon *(Cheruthuruthi):* I am saying this because of the extreme importance of the subject. It is evident that these questions have not been answered so far and we are running out to the end of the Session. Therefore, I request that the Chair may be pleased to give priority to cut motion No. 49. I may also incidentally submit that my Party has no idea of moving cut motions 47 and 48. I hope the House also will agree to this.

Mr. President: The Hon'ble Member's suggestion is that cut motion No. 49 must be given precedence over No. 4. No. 4 is the next in order.

റാവുസാഹിബ് കെ. അയ്യപ്പൻ : ഈ ഹൌസ് അങ്ങിനെ തീർച്ചയാക്കുകയാണെങ്കിൽ ഗവണ്മെണ്ടിനു് യാതൊരു വിരോധവുമില്ല.

Mr. M. K. Raja *(Mulakunnathukavu):* Sir, I would make one suggestion. The suggestion thrown out by the Deputy leader of the Opposition is a very valuable one. He said that the cut motion that comes very late in the agenda must be given priority over the others. That certainly cannot be done without the consent of those members whose motions intervene, even if the Chair wanted to, because that would be infringing on the rights of those members.

Mr. President: Certainly.

Mr. M. K. Raja *(Mulakunnathukavu):* I suggest that the matter may be considered by the Party leaders. We are also nearing the time for rising.

Mr. President: We have to put the demand to vote this afternoon. Therefore, we must come to some conclusion. If the intervening members are willing, I have no objection. The intervening members are Messrs. G. S. Dhara Singh, M. K. Raja, K. K. Kannan and M. I. Paul. If these members agree, and if the House also agrees I have no objection.

LIBRARY ARCHIVES Kerala Legislative Assembly

Mr. Dhara Singh says he has no objection, he agrees to the suggetion, Mr. Raja agrees, Mr. Kannan agrees, Mr. Paul agrees. Of course, this is not a precedent. The House agrees to that suggestion, I do not take the responsibility on myself and if the Government have no objection, therefor we can do so.

Mr. P. Govinda Menon *(Minister for Food and Education):* The Government have no objection.

Mr. M. K. Raja *(Mulakunnathukavu):* I might also suggest that in case there is time left over after this cut motion is discussed, the other cut motions may be taken up in the order in which they appear.

Mr. President: After this cut motion, the other cut motions will be taken up in the order given.

The House rose for lunch at 1-30 p. m. and re-assembled at 2-30 p. m. with the Hon'ble President in the Chair

(2) Working of the Peringalkuthu Hydro-Electric Scheme

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഞാൻ അവതരിപ്പിക്കുന്ന കട്ട്മോഷൻ ഇതാണ്. "To reduce the allotment of Rs. 71,33,655 for Public Works in Demand No. 32 by Re. 1 (To criticise the action of the Government in executing big schemes like the Poringalkuthu Hydro Electric Scheme without making adequate sufeguards, to prevent wastage of Public Funds and to impress upon the Government the necessity to appoint immediately a committee with Non-official majority of Legislative Council Members to enqiure into the working of the scheme with a view to prevent further wastage and to suggest suitable action against those who were responsible for wastage of public funds if any."

സർ, ഈ ഖണ്ഡനോപക്ഷേപം ഇന്നെങ്കിലും നിയമസഭയിൽ വാദപ്രതിവാദത്തിനു വന്നതു് നമ്മുടെ പ്രയത്നഫലമായ പണത്തിന്റെ മഹിമയാണെന്നു് മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. പെരിങ്ങൽകുത്തു് പദ്ധതിയെപ്പറ്റി അനേകനാളായി, ഈ രാജ്യത്തിലെ വിവിധ പത്രങ്ങളിൽ പല വിധത്തിലുള്ള ആക്ഷേപങ്ങൾ കണ്ടു തുടങ്ങിയിട്ടു്. എന്റെ അറിവു് ശരിയാണെങ്കിൽ ഇതിനെ സംബന്ധിച്ചു് മഹാരാജാവു് തിരുമനസ്സിലേക്കും ബഹുമാനപ്പെട്ട ക്യാബിനറ്റിലേക്കും, ആക്ഷേപഹാരജികൾ പോയിട്ടുണ്ടു്. നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുടെ പരിമിതമായ വീക്ഷണകോണിൽക്കൂടി വീക്ഷിക്കുന്ന അർത്ഥത്തിൽ പറയുകയാണെങ്കിൽ അവിടെ ഇതപര്യന്തം, ഒരു അരാജകത്വമാണു് നടമാടുന്നതു് എന്നു വേണം പറയുവാൻ. (ഹിയർ, ഹിയർ). സാധാരണ പൊതുമരാമത്തു് വകുപ്പിലെ കൺട്രാക്ടർമാർക്കു ബാധിക്കുന്ന ഒരു നിയമവും, അവിടത്തെ കൺട്രാക്ടർമാർക്കു് ബാധകമല്ലെന്നാണു് ഇതുവരെയുള്ള തെളിവുകളിൽ നിന്നു് നമുക്കു് മനസ്സിലാകുന്നതു്. ഭാഗികമായ ഉത്തരവാദഭരണം നടത്തുന്ന ഇന്നത്തെ ഗവർമ്മേണ്ടിലെ പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെന്റു് പഴയ പാരമ്പര്യം പോലും പുലർത്തുന്നില്ലെന്നു വേണം പറയാൻ. അത്ര സ്വേച്ഛാധികാരമാണു് അവിടെ നടമാടുന്നതു് എന്നു് പറയുന്നതിൽ അതിശയലേശമില്ല. യാതൊരു പണികളും ടെൻഡർ ഇല്ലാതെ ചെയ്യാൻ പാടില്ല എന്ന ഒരു സാധാരണനിയമം ഇന്നു് നിലവിലുള്ളതു് ഏവർക്കും അറിയാവുന്നതാണല്ലൊ. വല്ല കാരണവശാലും, അത്യാവശ്യമായി വല്ല പണിയും വേണ്ടി വന്നാൽ മാത്രമേ ടെൻഡർ ഇല്ലാതെ നടത്തുകയുള്ളു. അങ്ങിനെ നടത്തുന്ന പണികളുടെ ഒരു സ്ഥിതി വിവരം ഉടനെ ഗവർമ്മേണ്ടിലേയ്ക്കു് റിപ്പോർട്ടു ചെയ്യേ. സാങ്ഷൻ വാങ്ങേണ്ട കടമയും അധികാരിക്കുള്ളതാണു്. എന്നാൽ പെരിങ്ങൽകുത്തിൽ നടന്നതും നടക്കുന്നതുമായ ചില പണികൾ നടത്തുന്നതിനു് മുമ്പു് ടെണ്ടർ വച്ചു കൊടുക്കുന്നതിനു് ധാരാളം സമയമുണ്ടായിരുന്നിട്ടും അങ്ങിനെ ചെയ്തിട്ടില്ലെന്നാണു് എന്റെ അറിവു്. സാധാരണ ഗവർമ്മേണ്ടു് കൈക്കൊണ്ടു വരുന്നതായ നയത്തിനെതിരായിട്ടുള്ള ഒന്നാണിതു്. ഇപ്രകാരമാണു് പെരിങ്ങൽക്കുത്തിലെ മിക്ക പണികളും നടന്നുകൊണ്ടിരിക്കുന്നതു്. ഉദാഹരണമായി, മൂന്നു് നാലു് പണികൾ അവിടെ നടന്നതിനെപ്പറ്റി പ്രസ്താവിക്കാം.

ഒന്നാമതായി, അപ്പർ റിസർവോയർ സർവ്വെയ സംബന്ധിച്ചു പറയാം. അതിനു് എസ്റ്റിമേറ്റു് തയ്യാറാക്കിയതിൽ പ്ലസ് 8% കൂട്ടി വച്ചാണു് ആ പണി നടത്തുന്നതു്. അപ്പർ റിസർവോയർ പണിക്കു് മരം മുറിക്കുക, ചില കുറ്റിക്കാടുകൾ വെട്ടിതെളിയിക്കുക,

LIBRARY ARCHIVES Kerala Legislative Assembly